(b) The Supplies and Prices of Goods Ordinance is in force in the State. Action will be taken under the Ordinance wherever necessary and practicable.

ഗ്രഡേഷൻ ലീസ്റ്റ്

*ക്യൂ. (ന്യൂ) ശ്രീ. കെ. രാമകൃഷ്ണൻ ആശാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാന്യപ്പെട്ട വിദ്യാഭ്യാസമന്ത്രി ഉത്തരം പറയുമോ.—

(എ) പ്രൈമറിയും മിഡിലും സ്കൂൾ ഇൻസ്പെക്ടർമാരുടെ ആഫീസുകളിൽ ക-ഒ-ക ക-ൽ തയ്യാർ ചെയ്ത ഗ്രഡേഷൻ ലീസ്റ്റ് ഉണ്ടോ;

(ബി) ഇ. എം. സ്കൂളുകളിൽ ഇരിക്കുന്ന മലയാളം ഹയർ അദ്ധ്യാപകന്മാരെക്കാൾ സീനിയർമാരായ തമിഴ് ഹയർ അദ്ധ്യാപകന്മാർ തമിഴ് പ്രൈമറി സെക്ഷനിൽ ഉണ്ടോ;

(സി) അങ്ങനെ ഉണ്ടെങ്കിൽ അവക്ക കിട്ടാവുന്ന പ്രമോഷൻ സ്കെയിൽ പ്രൈമറി സെക്ഷനിൽതന്നെ പേഴ്സനൽ സ്കെയിൽ ആയി എടുത്തുകൊണ്ട കൊടുത്തുകൂടാ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പ മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

## TRANSFER OF INDUSTRIAL DISPUTE

*190. [64] **Sri. A. L. Jacob:**

(a) whether there were applications for transfer of the Industrial disputes between the Fertilisers and Chemicals Travancore, Ltd., Indian Aluminium Co., Ltd., Alupuram, Alway and their workmen from the Industrial Tribunal Trivandrum to any other tribunal;

(b) if so, what were the grounds on which transfer was sought;

(c) were the allegations enquired into by the Government;

(d) if so, when; and

(e) what was the decision of the Government on this application?

*Minister for Education, Labour and Civil Supplies* (**Sri. Panampilli Govinda Menon**): (a) Yes. Applications were received from the FACT Employees Alwaye and the Association, Aluminium Factory Workers Union, Alwaye.

(b) The grounds alleged were that there was only slow progress in the disposal of the case, that the Tribunal was prejudicial to their contentions, that they were denied opportunities to prove their case, etc.

(c) No. The application have been considered by the Government.

(d) Does not arise in view of the answer to part (c) above.

(e) The applications were rejected, as Government have no power to transfer the dispute pending before one Tribunal to another.

പണ്ഡിറ്റ നെഹറുവിന്റെ പുസ്തകം

*ക്വസ്റ്റ്യൻ. (ന്യൂ 8) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാന്യപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ശ്രീ. ജവഹർലാൽ നെഹറുവിന്റെ 'ഒരച്ഛൻ മകൾക്കയച്ച കത്തുകൾ, എന്ന പുസ്തകം എട്ട ക്ലാസിലേക്കാണ് പാഠപുസ്തകമായി നിശ്ചയിച്ചിരിക്കുന്നത;

(ബി) മതവിശ്വാസങ്ങൾക്കെതിരാണെന്നുള്ള കാരണത്താൽ ചില സ്കൂളുകളിൽ ഈ പുസ്തകം ബഹിഷ്കരിച്ചിരിക്കുന്നതായി ഗവൺമെന്റിനറിയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ടെങ്കിൽ ഇതിനെത്ര നടപടിയാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളത്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മുന്നാംഫാറത്തിൽ ഒരു മലയാളം നാൻഡിറെയിൽഡ് ടെക് സ്റ്റായി നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

## ഹരിജനങ്ങളുടെ ഫീസാനുകൂല്യം

*ഫ൯൨. (൩൩) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചി സംയോജനത്തിനു മുൻപു കൊച്ചി വിദ്യാഗത്തിൽപ്പെട്ട പിന്നോക്കസമുദായത്തിലെ സ്കൂൾ കോളേജ് വിദ്യാർത്ഥിവിദ്യാർത്ഥിനികൾക്കു നൽകിവന്നിരുന്ന പകുതി ഫീസാനുകൂല്യം ഇപ്പോൾ നിറുത്തൽ ചെയ്തത് എന്തടിസ്ഥാനത്തിലാണ്;

(ബി) പ്രസ്തുത ആനുകൂല്യം നിറുത്തൽ ചെയ്തതുമൂലം അനേകം കുട്ടികൾ പഠനം തുടരുവാൻ കഴിയാതെ കഷ്ടപ്പെടുന്നതായി അറിയാമോ?

(സി) ഇതേപറ്റി ഗവണ്മെൻറിനു വല്ല നിവേദനങ്ങളോ മെമ്മോറാണ്ടങ്ങളോ കിട്ടിയിട്ടുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ചോദ്യത്തിൽ പറയുന്ന ആനുകൂല്യങ്ങളും നിറുത്തലാക്കിയിട്ടില്ല.

(ബി & സി) 'എ' യിലെ ഉത്തരംകൊണ്ട് ടി ചോദ്യങ്ങളും ഉദിക്കുന്നില്ല.

## സറണ്ടർ ചെയ്ത സ്ഥലം

*ഫ൯൩. (൩൭) സാഹിബ് ബഹദൂർ ടി. എ. മൈദീൻ കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി സദയം മറുപടി പറയുമോ.—

(എ) കരുനാഗപ്പള്ളി ക്ലാപ്പന എസ്. വി. പ്രൈമറി സ്കൂൾ ഗവണ്മെൻറിലേയ്ക്ക് എടുത്തുകൊള്ളാമെന്നു സമ്മതിച്ചതനുസരിച്ച് പ്രസ്തുത സ്കൂൾ കാമ്പൗണ്ടും കെട്ടിടവും സാമഗ്രികളും ഡിപ്പാർട്ടുമെൻറിലേയ്ക്ക് എഴുതി വാങ്ങിയിട്ട് എത്ര കൊല്ലങ്ങളായി;

(ബി) ഗവണ്മെൻറിൻറെ നിർദ്ദേശപ്രകാരം കെട്ടിടം പൂർത്തിയാക്കിയിരിക്കുന്നു എന്ന് ഡിപ്പാർട്ടുമെൻറ് സൂപ്രണ്ടിൻറെ റിപ്പോർട്ട് കിട്ടിയിട്ട് എത്രകാലമായി;

(സി) ഇപ്പോൾ പ്രസ്തുത സ്കൂൾ ആരാണ് നടത്തിവരുന്നത്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഫ ഫ ഫ൯–ൽ മാനേജർ സ്കൂൾ സറണ്ടർ ചെയ്യാമെന്ന് എഴുതി.

(ബി) എട്ടുമാസമായി.

(സി) മാനേജർ തന്നെ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly